**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 303** **22-02-2022 - ൽ മറുപടിയ്ക്ക്**

**മാവേലി സ്റ്റോറുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 843 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. വിപണി ഇടപെടലിന്റെ ഭാഗമായി മാവേലി സ്റ്റോറുകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നുണ്ട്. കൂടാതെ സബ്സിഡി ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതു ജനങ്ങൾക്ക് ആവശ്യാനുസരണം ലഭ്യമാക്കി വരുന്നു. ഇതിനുപുറമേ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉല്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ മാവേലി സ്റ്റോറുകൾ വഴി വിൽപ്പന നടത്തുന്നുണ്ട്. കൂടാതെ മറ്റ് അവശ്യ സാധനങ്ങളും, Fast Moving Consumer Goods(FMCG) ഉൽപ്പന്നങ്ങളും (Soap, Detergent items etc.) Maximum Retail Price(MRP) യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. അതോടൊപ്പം സ്റ്റോക്ക് ലഭ്യത ഉറപ്പ് വരുത്തി മാവേലി സ്റ്റോറുകളുടെ പ്രവർത്തനം സുഗമവും കാര്യക്ഷമമാക്കുന്നതിനുമായി ഔട്ട് ലെറ്റുകളിലേക്കുള്ള അവശ്യ സാധനങ്ങളുടെ സ്റ്റോക്ക് വിതരണം സമയബന്ധിതമായും കാര്യക്ഷമമായും നടത്തി വരുന്നു. അതോടൊപ്പം മാവേലി സ്റ്റോറുകളുടെ പ്രതിമാസ വിൽപ്പന വിശകലനം ചെയ്തു സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നവീകരണ പ്രവർത്തികളും ഫർണീഷിംഗ് ജോലികളും പൂർത്തിയാക്കി മാവേലി സൂപ്പർ സ്റ്റോറുകളായോ സൂപ്പർ മാർക്കറ്റുകളായോ ഉയർത്തുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികളും സ്വീകരിച്ചുവരുന്നു. എല്ലാ പഞ്ചായത്തുകളിലും ഒന്നോ ഒന്നിലധികമോ സപ്ലൈകോ വിൽപ്പന ശാലകളുണ്ട്. 21 സഞ്ചരിക്കുന്ന മാവേലി വഴി റിമോട്ട് ഏരിയകളിലും മലയോരപ്രദേശങ്ങളിലും, തീരപ്രദേശങ്ങളിലും വിൽപ്പന നടത്തുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ മാവേലി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനും നിരീക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് 96 സപ്ലൈകോ മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. സപ്ലൈകോ മെഡിക്കൽ ബിസിനസ്സ് കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് മേഖലാ മാനേജരുടെ കീഴിൽ പ്രവർത്തിച്ചിരുന്ന മെഡിക്കൽ ഹോൾസെയിൽ ഡിവിഷൻ സ്വതന്ത്ര ചുമതലയുള്ള 5 മേഖല മെഡിസിൻ ഡിപ്പോയായി പുന:സംഘടിപ്പിച്ചിട്ടുണ്ട്. അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്താൻ കൂടുതൽ കമ്പനികളുടെ മരുന്നുകൾ നേരിട്ട് കുറഞ്ഞ വിലക്ക് സംഭരിക്കത്തക്ക വിധം മേഖലാ മെഡിസിൻ ഡിപ്പോകളെ പര്യാപ്തമാക്കി. മെഡിക്കൽ സ്റ്റോർ വഴി വിറ്റഴിക്കുന്ന Fast Moving Consumer Goods (FMCG), മരുന്നും ഇതര ഉൽപ്പന്നങ്ങളും (Sanitary pad, Health food etc) ആവശ്യാനുസരണം സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ മുഖേന ലഭ്യമാക്കി, സപ്ലൈകോ മെഡിക്കൽ സ്റ്റോർ വഴി വിൽക്കുന്ന ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള എല്ലാവിധ മരുന്നുകളുടെയും, മരുന്ന് ഇതര സർജിക്കൽ ഉൽപ്പന്നങ്ങളുടെയും വില കുറച്ച് ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വിൽപ്പന വർദ്ധിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ മേഖലാ മാനേജരുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഇൻസ്പെക്ഷൻ ടീം മെഡിക്കൽ സ്റ്റോറുകൾ സന്ദർശിച്ച് നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നു. കൂടാതെ ഇൻസ്പെക്ഷൻ നടത്തുന്നതിന് ഒരു ഫാർമസിസ്റ്റിന്റെ സേവനം പ്രത്യേകമായി ലഭ്യമാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ആലപ്പുഴ ജില്ലാ കോർട്ട് മെഡിക്കൽ സ്റ്റോർ എടത്വാ മെഡിക്കൽ സ്റ്റോർ എന്നിവ നവീകരണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. കൂടാതെ കായംകുളം മെഡിക്കൽ സ്റ്റോറിന്റെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ച് കൊണ്ടിരിക്കുന്നു. സംസ്ഥാനത്തൊട്ടാകെ 15 മെഡിക്കൽ സ്റ്റോറുകൾ നവീകരണത്തിനായുള്ള പദ്ധതികൾ പുരോഗമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ